"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എൻജിനീയറിംഗ് വിംഗ് - ആലപ്പുഴ ജില്ലയിലെ രാമങ്കരി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനിയറായിരുന്ന ശ്രീ. സുരേഷ് കുമാർ പി.കെ.യുടെ സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2213/2024/LSGD തീയതി,തിരുവനന്തപുരം, 15-11-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം.3166/09/LSGD തീയതി 28.11.2009.
2. സ.ഉ.(സാധാ)നം.376/2011/LSGD തീയതി 04.02.2011.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 9.2.11-ലെ E3-2100/08/CE/LSGD നമ്പർ നടപടിക്രമം.
4. സ.ഉ.(സാധാ) നം. 152/2023/VIG തീയതി 25.08.2023.
5. ശ്രീ. സുരേഷ് കുമാർ പി.കെ. സമർപ്പിച്ച 15.6.24-ലെ അപേക്ഷ.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 1.8.24-ലെ LSGD/PD/13099/2023-VIGA6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ കിടങ്ങറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണവും ഗ്രൗണ്ട് ഉയർത്തലും എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട അച്ചടക്ക നടപടിയുടെ ഭാഗമായി രാമങ്കരി ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീ. സുരേഷ് കുമാർ പി.കെ.യെ പരാമർശം 1 ഉത്തരവ് പ്രകാരം സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും, തുടർന്ന് പരാമർശം 2 ഉത്തരവ് പ്രകാരം സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുകയും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ പരാമർശം 3 നടപടിക്രമം പ്രകാരം ടിയാൻ 16.02.2011-ൽ സർവ്വീസിൽ തിരികെ പ്രവേശിക്കുകയും ചെയ്തിരുന്നു. കൂടാതെ മേൽ വിഷയത്തിൽ ടിയാനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി ടിയാന്റെ രണ്ട് ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് പരാമർശം 4 ഉത്തരവ് പ്രകാരം തീർപ്പ് കൽപിക്കുകയും ചെയ്തിട്ടുണ്ട്.

2. സസ്പെൻഷൻ കാലയളവ് ക്രമവൽക്കരിക്കണം എന്നാവശ്യപ്പെട്ട് ശ്രീ. സുരേഷ് കുമാർ പി.കെ. പരാമർശം 5 പ്രകാരം സമർപ്പിച്ച അപേക്ഷ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 6 പ്രകാരം സർക്കാറിൽ ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

രാമങ്കരി ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറായിരുന്ന ശ്രീ. സുരേഷ് കുമാർ പി.കെ.യ്ക്കെതിരായ അച്ചടക്ക നടപടി ലഘു ശിക്ഷ നൽകി തീർപ്പാക്കിയ സാഹചര്യത്തിൽ ടിയാന്റെ **28-11-2009** മുതൽ **03-02-2011** വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, **04-02-2011** മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള കാലയളവ് കെ.എസ്.ആർ. ഭാഗം I ചട്ടം 56 ബി (9) കുറിപ്പ്-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയതുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കാനും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഷറഫ് എ

അണ്ടർ സെക്രട്ടറി

1. ശ്രീ. സുരേഷ് കുമാർ പി.കെ. (PEN 694955), മുൻ അസി. എൻജിനീയർ, രാമങ്കരി ഗ്രാമ പഞ്ചായത്ത്. (എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. ചീഫ് എൻജിനീയർ, LID&EW, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശൂർ.
5. തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 18-11-2024 11:18:52

സെക്ഷൻ ഓഫീസർ